സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം നഗരസഭകളിലെ ഹെൽത്ത് സ്കാഡ് പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ നബാർഡ് നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

44 [2389] ശ്രീ. *എം. കെ. പോൾസൺ മാസ്റ്റർ:*
,, *എം. എ. ചന്ദ്രശേഖരൻ:*
,, *കെ. സുധാകരൻ:*
,, *പി.സി. വിഷ്ണുനാഥ്:*
,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ദത്തെടുക്കുന്ന പദ്ധതിയനുസരിച്ച് സംസ്ഥാനത്തുള്ള എത്ര ഗ്രാമപഞ്ചായത്തുകളെയാണ് നബാർഡ് ദത്തെടുക്കുന്നത്;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് നബാർഡ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത വികസന പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുന്നതിന് സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് വകുപ്പുകൾ എന്തെല്ലാം സഹായം നൽകിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നബാർഡ് ഗ്രാമപഞ്ചായത്തുകളെ ദത്തെടുക്കുന്ന പദ്ധതി നിലവിലില്ല.

(ബി) (ഡി) ബാധകമല്ല.

വായ്പാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതി

45 [2390] ശ്രീ. *തോമസ് പാഴിക്കാടൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വായ്പാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്ര പഞ്ചായത്തുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) വായ്പാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതിക്ക് നൽകിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം ജില്ലയിലെ 31 ഗ്രാമപഞ്ചായത്തുകൾക്കും ഇടുക്കി ജില്ലയിൽ 3 ഗ്രാമപഞ്ചായത്തുകൾക്കും കൊല്ലം, പത്തനംതിട്ട, എറണാകുളം, വയനാട് ജില്ലകളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കുമാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ലൈബ്രേറിയൻ-ടീച്ചർ-ആയ തുടങ്ങിയവരെ പാർട്ട്-ടൈം ജീവനക്കാരായി അംഗീകരിക്കാൻ നടപടി

46 [2391] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 11 ഇന പരിപാടിയിൽ ആരംഭിച്ച ലൈബ്രറി-നഴ്സറി സ്കൂളുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ലൈബ്രേറിയൻ-ടീച്ചർ-ആയ തുടങ്ങിയവരെ പാർട്ട്-ടൈം ജീവനക്കാരായി അംഗീകരിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 15-ലധികം വർഷങ്ങളായി തുച്ഛമായ വേതനത്തിൽ ജോലി ചെയ്തുവരുന്ന പ്രസ്തുത ജീവനക്കാരെ പാർട്ട്-ടൈം ജീവനക്കാരായി അംഗീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ആവശ്യം അടിയന്തിരമായി അംഗീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/612/2012—13

LIBRARY ARCHIVES Kerala Legislative Assembly